## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

22/03/2013 - ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1537

## പട്ടാമ്പിയിൽ കൃഷി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള തരിശുഭൂമി

**ചോദ്യം**

ശ്രീ. സി.പി.മുഹമ്മദ്

**മറുപടി**

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) കൃഷി വകുപ്പിന്റെ പട്ടാമ്പി മണ്ണ് പരിശോധനശാലയ്ക്ക് സമീപമുള്ള കാടുപിടിച്ചു കിടക്കുന്ന 12 ഏക്കർ ഭൂമിയിൽ നിന്ന് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനും കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റ് സ്ഥാപിക്കുന്നതിനും സ്ഥലം നൽകണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആരിൽ നിന്ന് എന്നാണ് നിവേദനം ലഭിച്ചത് ;

(എ) & (ബി) ഉണ്ട്. 19/06/2012 - ാം തീയതി പട്ടാമ്പി എം.എൽ.എ. ശ്രീ.സി.പി.മുഹമ്മദിൽ നിന്നാണ് നിവേദനം ലഭിച്ചത്.

(സി) നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ;

(ഡി) മേൽപ്പറഞ്ഞ ആവശ്യത്തിന് എന്നത്തേക്ക് സ്ഥലം ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ ?

(സി) & (ഡി) നിവേദനത്തിൻമേൽ സമഗ്രമായ അന്വേഷണം നടത്തുകയുണ്ടായി. പട്ടാമ്പി സെൻട്രൽ ഓർച്ചാഡ്, പാലക്കാട്-പട്ടാമ്പി റോഡിന് ഇരുവശത്തുമായി ആകെ 10.63 ഹെക്ടർ സ്ഥലമാണുള്ളത്. സെൻട്രൽ ഓർച്ചാഡ് ഫാമിന്റെ ഓഫീസ് കെട്ടിടം സ്ഥിതി ചെയ്യുന്നത് 9.34 ഏക്കർ വിസ്തൃതിയിലുള്ള വടക്കേ ബ്ലോക്കിലും ജില്ലാ പരിശോധനാശാല സ്ഥിതി ചെയ്യുന്നത് 17.22 ഏക്കർ സ്ഥലം വിസ്തൃതിയുള്ള തെക്കേ ബ്ലോക്കിലുമാണ്.

കെ.എസ്.ആർ.ടി.സി. സ്റ്റാന്റിനുള്ള ഒരേക്കർ സ്ഥലവും ഫയർ സ്റ്റേഷനു വേണ്ടിയുള്ള 50 സെന്റ് സ്ഥലവും ആവശ്യപ്പെട്ടിരിക്കുന്നത് തെക്കേ ബ്ലോക്കിൽപ്പെട്ട പ്രസ്തുത സ്ഥലത്തുനിന്നുമാണ്. പട്ടാമ്പി സെൻട്രൽ ഓർച്ചാഡിലെ കായ്ഫലമുള്ളതും അത്യുൽപ്പാദന ശേഷിയുള്ളതുമായ 532 ൽ പരം മാവുകളിൽ ഭൂരിഭാഗവും നിൽക്കുന്നത് തെക്കേ ബ്ലോക്കിലാണ്. ഇതിനുപുറമേ പ്രസ്തുത സ്ഥലത്ത് ഇഞ്ചി, മഞ്ഞൾ, ചേന തുടങ്ങിയ

വിളകളും സീസണനുസരിച്ച് കൃഷി ചെയ്തു വരുന്നു. തെക്കേ ബ്ലോക്കിന്റെ പ്രവേശന കവാടവുമായി ബന്ധപ്പെട്ട സ്ഥലത്ത് വ്യാപകമായി പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. പച്ചക്കറി കൃഷി ചെയ്യുന്നതിനു വേണ്ടി തെക്കേ ബ്ലോക്കിലെ മദ്ധ്യത്തിലുള്ള കുളം വൃത്തിയാക്കുകയും പമ്പ്സെറ്റ് സ്ഥാപിക്കുകയും ചെയ്തു. ആയതിനാൽ തെക്കേ ബ്ലോക്കിൽപ്പെട്ട മുഴുവൻ സ്ഥലവും കാർഷികാവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തി വരുന്നതിനാൽ ടി സ്ഥലം കെ.എസ്.ആർ.ടി.സി.യ്ക്കും ഫയർ സ്റ്റേഷനും സ്ഥാപിക്കുന്നതിനായി വിട്ടുനൽകുന്ന കാര്യം പരിഗണിക്കാ നാവില്ല.

സെക്ഷൻ ഓഫീസർ